കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയ നിർമ്മാണം

*3 [470] ശ്രീ. എം. എ. ചന്ദ്രശേഖരൻ :

,, ടി. യു. രാധാകൃഷ്ണൻ :

,, ജോർജ് ജെ. മാത്യു :

,, ലൂഡി ലൂയിസ് :

,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷനുകളിൽ വ്യാപാരസമുച്ചയം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാം വ്യാപാരസമുച്ചയം നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഒരു വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിന് എന്ത് ചെലവുവരും എന്ന് വെളിപ്പെടുത്താമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ,

(എ) ഉണ്ട്.

(ബി) മലപ്പുറം, കാസർഗോഡ്, അങ്കമാലി മൂവാറ്റുപുഴ, അട്ടക്കുളങ്ങര (തിരുവനന്തപുരം), കാട്ടാക്കട എന്നിവിടങ്ങളിലാണ് ആദ്യപടിയായി വ്യാപാര സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) വ്യാപാരസമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തന സാദ്ധ്യത, അനുസൃതമായി നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം, കെ. എസ്. ആർ. ടി. സി.-ക്ക് വേണ്ടിവരുന്ന ആഫീസ് സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി മാത്രമേ ഓരോ വ്യാപാര സമുച്ചയത്തിന്റെയും നിർമ്മാണ ചെലവ് കണക്കാക്കുവാൻ പറ്റുകയുള്ളു.

ശ്രീ. ജോർജ് ജെ. മാത്യു: സർ, കെ. എസ്. ആർ. ടി. സി. വ്യാപാര സമുച്ചയം നിർമ്മിക്കുമ്പോൾ എന്ത് അടിസ്ഥാനത്തിലാണ് നിർമ്മിക്കുന്നത്? അത് നിർമ്മിക്കാനുള്ള കരാറുകൾ ആര് വഴിയാണ് കൊടുക്കുന്നത്?

ശ്രീ. എൻ. ശക്തൻ: രണ്ട് തരത്തിൽ ഈ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാം. ഒന്ന്, ബി. ഒ. റ്റി. അടിസ്ഥാനത്തിൽ, രണ്ട്, കെ.എസ്.ആർ.ടി.സി. തന്നെ ഡയറക്ടായിട്ട് ടെന്റർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന ആളിനെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിക്കാം. ബി. ഒ. റ്റി. അടിസ്ഥാനത്തിൽ കൊടുക്കുന്നത് കെ. എസ്. ആർ. ടി. സി.-ക്ക് നഷ്ടമാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. കാരണം 15, 20 വർഷമെങ്കിലും കാലാവധി കൊടുത്തുവെങ്കിൽ മാത്രമേ ബി. ഒ. റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കാൻ ആരെങ്കിലും മുന്നോട്ട് വരികയുള്ളൂ. അതുകൊണ്ട് കെ. എസ്. ആർ. ടി. സി. തന്നെ സ്വന്തമായി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ജോർജ് ജെ. മാത്യു: കെ. എസ്. ആർ. ടി. സി. സ്വന്തമായിട്ട് നിർമ്മിച്ചുകഴിഞ്ഞാൽ ആർക്കെങ്കിലും കെട്ടിടങ്ങൾ അലോട്ട് ചെയ്ത് കഴിയുമ്പോൾ സ്വാഭാവികമായിട്ടും അവർ കോടതികളിൽ വാടകയെ സംബന്ധിച്ചുള്ള കേസുകൾക്കായി പോകാറുണ്ട്. അതുകഴിയുമ്പോൾ അതെല്ലാം നഷ്ടത്തിൽ കലാശിക്കുന്ന ഒരു പരിപാടിയായിട്ട് വരുമെന്നുള്ള കാര്യം മന്ത്രിക്കറിയാമോ?

ശ്രീ. എൻ. ശക്തൻ: അങ്ങനെ വിചാരിച്ചാൽ ഒരു കാര്യവും നമുക്ക് ചെയ്യാൻ കഴിയില്ല. നമ്മൾ ആദ്യം ലോണെടുത്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കും. ഏതാണ്ട് നിർമ്മാണ പ്രവർത്തനത്തിന്റെ പകുതിയാകുമ്പോൾ തന്നെ നല്ലൊരു തുക അഡ്വാൻസായി വരുന്നുണ്ട്. അതുകഴിഞ്ഞ് അവരുടെ വാടക നമ്മൾ തീരുമാനിക്കും. അവരുമായി കരാർ ഒപ്പിടുകയും ചെയ്യും. അതിനുശേഷമാണ് അവർക്ക് കൊടുക്കുന്നത്. സ്വാഭാവികമായിട്ടും കോടതിയിൽ പോകാൻ സാദ്ധ്യതയില്ല. അഥവാ കോടതിയിൽ പോയാൽ അതിനെ നേരിടും.

ശ്രീ. ലൂഡി ലൂയിസ്: സർ, കെ. എസ്. ആർ. ടി. സി. വ്യാപാര സമുച്ചയം പണിതുകഴിഞ്ഞാൽ അതിന്റെ മെയിന്റനൻസ് നടത്തുന്നതിനും അതിനെ പരിരക്ഷിക്കുന്നതിനും വേണ്ടി ഏത് സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. എൻ. ശക്തൻ: കെ. എസ്. ആർ. ടി. സി.-യാണ് അത് നിർമ്മിക്കുന്നതെങ്കിൽ തീർച്ചയായും കെ. എസ്. ആർ. ടി. സി.-യുടെ സ്റ്റാഫ് തന്നെയായിരിക്കും അതിന്റെ മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തുന്നതും സംരക്ഷിക്കുന്നതും.

ശ്രീ. ലൂഡി ലൂയിസ്: സാമ്പത്തികമായി വളരെ പ്രതിസന്ധി നേരിടുന്ന കെ. എസ്. ആർ. ടി. സി. ഇതുപോലെയുള്ള വ്യാപാര സമുച്ചയം പണിതുകഴിഞ്ഞാൽ കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം നികത്താൻ കഴിയുമോ എന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. എൻ. ശക്തൻ: അതിനെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ ഇത് വളരെ നേരത്തെ ചെയ്യേണ്ടതായിരുന്നു. ഈ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് ഇന്നുള്ള നഷ്ടം പോലും ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയും രൂപ ചെലവാക്കി നിർമ്മിച്ചുകഴിഞ്ഞാൽ 5-7 വർഷം കഴിയുമ്പോൾ കടം പൂർണ്ണമായി തീർന്ന് അതിനുശേഷം കിട്ടുന്ന വാടക മുഴുവൻ കെ. എസ്. ആർ. ടി. സി.-ക്കാണ് വരുന്നത്. സത്യത്തിൽ കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം ഒരു പരിധിവരെ കുറയ്ക്കാൻ ഈ ഷോപ്പിംഗ് കോംപ്ലക്സിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു: സർ, കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം കുറയ്ക്കാൻ ഈ വ്യാപാര സമുച്ചയ നിർമ്മാണം കൊണ്ട് സാധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ കേരളത്തിലെ എല്ലാ ബസ് സ്റ്റേഷനുകളിലും, നിലവിലുള്ള, അവയിലബിളായിട്ടുള്ള സ്ഥലങ്ങളിൽ സമയബന്ധിതമായി കെട്ടിടം നിർമ്മിക്കാൻ കെ.എസ്.ആർ.ടി.സി നടപടി സ്വീകരിക്കുമോ? എത്ര സമയത്തിനുള്ളിൽ ഈ വ്യാപാര സമുച്ചയങ്ങൾ കേരളത്തിലെ എല്ലാ സ്റ്റേഷനുകളിലും നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. ശക്തൻ: എല്ലാ സ്ഥലത്തും നിർമ്മിക്കണമെന്നുണ്ടെങ്കിൽ ഏതാണ്ട് 80 ഷോപ്പിംഗ് കോംപ്ലക്സ് വേണം. ഇപ്പോൾ അനുവാദം കൊടുത്തിരിക്കുന്നത് ആറെണ്ണം നിർമ്മിക്കുന്നതിനാണ്. ഉടൻതന്നെ കുറേ ഷോപ്പിംഗ് കോംപ്ലക്സുകൾ കൂടി നിർമ്മിക്കുന്നതിന് അനുവാദം നൽകുന്നതാണ്. ഘട്ടംഘട്ടമായി കഴിയുന്നതും വേഗം ഷോപ്പിംഗ് കോംപ്ലക്സ് ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കെ. ബാബു: ആറ് സ്ഥലങ്ങളിലാണ് ഉടൻ പണിയാൻ പോകുന്നതെന്ന് പറയുകയുണ്ടായി. മറ്റ് സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നിർമ്മിക്കുമെന്നാണ് അങ്ങ് പറയുന്നത്. പണമില്ലാത്തതു കൊണ്ടാണെങ്കിൽ കെ. എസ്. ആർ. ടി. സി.-ക്ക് കൂടി പ്രയോജനപ്രദമായ വിധത്തിൽ ബി. ഒ. റ്റി. സ്കീം എന്തുകൊണ്ട് നടപ്പിലാക്കികൂടാ. അതിനെക്കുറിച്ച് ആലോചിച്ചുകൂടേ?

ശ്രീ. എൻ. ശക്തൻ: ഞാൻ നേരത്തെ സൂചിപ്പിച്ചു. ബി. ഒ. റ്റി. സ്കീം വേണമെങ്കിൽ നമുക്ക് നടപ്പിലാക്കാം. പക്ഷേ ബി. ഒ. റ്റി. സ്കീമിൽ ഒരാൾ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ വന്നാൽ കുറഞ്ഞത് 15-20 വർഷമെങ്കിലും അവർക്ക് നൽകേണ്ടി വരും. 20 വർഷം കഴിഞ്ഞാൽ മാത്രമേ കെ. എസ്. ആർ. ടി. സി.-ക്ക് തിരിച്ചുകിട്ടുകയുള്ളൂ. സ്വന്തമായി നിർമ്മിച്ചാൽ, ഇപ്പോൾ കണക്കാക്കുന്നത്, 5-7 വർഷം കഴിയുമ്പോൾ അതിന്റെ ലോൺ മുഴുവൻ അടച്ചുതീർത്ത് അത് കെ.എസ്.ആർ.ടി.സി-യുടെ സ്വന്തമായി തീരും. അതിനുശേഷം അതിൽ നിന്ന് കിട്ടുന്ന വാടക മുഴുവൻ കെ. എസ്. ആർ. ടി. സി.-ക്ക് കിട്ടും. ബി. ഒ. റ്റി. സ്കീമിൽ നിർമ്മിക്കുന്നത് സ്വാഭാവികമായും കെ.എസ്.ആർ.ടി.സി-ക്ക് നഷ്ടമായിരിക്കും.

2/654/2012—5.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: വളരെ നേരത്തെതന്നെ അങ്ങ് മന്ത്രിയായി വന്നുകഴിഞ്ഞപ്പോൾ മാവേലിക്കര സബ് ഡിപ്പോയിൽ നിലവിലുള്ള വിസ്തൃതമായ സ്ഥലസൗകര്യം ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ വേണ്ടി വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. ആ നിർദ്ദേശം കൂടി പരിഗണിച്ചുകൊണ്ട് ആദ്യ ലിസ്റ്റിൽതന്നെ മാവേലിക്കര സബ് ഡിപ്പോയിൽ കൂടി ഷോപ്പിംഗ് കോംപ്ലക്സ് പണിയാനായി ഉൾപ്പെടുത്തുമോ?

ശ്രീ. എൻ. ശക്തൻ: ആദ്യലിസ്റ്റും രണ്ടാമത്തെ ലിസ്റ്റും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. ഇപ്പോൾ ആറെണ്ണത്തിന് അനുവാദം കൊടുത്തിട്ടുണ്ട്. ഉടൻതന്നെ അടുത്തതും അനുവദിക്കുന്നുണ്ട്. തീർച്ചയായും മാവേലിക്കരയെയുംകൂടി ഉൾപ്പെടുത്താൻ ശ്രമിക്കാം.

ശ്രീ. കെ. മോഹൻകുമാർ: സർ, മതിയായ സ്ഥലം സ്വന്തമായിട്ടുള്ള പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരു വ്യാപാര സമുച്ചയം പണിയുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുമോ?

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട മെമ്പർ പേരൂർക്കടയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കെ. എസ്. ആർ. ടി. സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തിരുവനന്തപുരത്ത് തമ്പാനൂരിൽ ഒരു വമ്പിച്ച വ്യാപാര സമുച്ചയം പണിയുമെന്നാണ് നേരത്തെ പ്രഖ്യാപിച്ചിരുന്നത്. അതുസംബന്ധിച്ച് ചില ആക്ഷേപങ്ങളുണ്ട്. അത് പരിഹരിച്ചുകൊണ്ടാണോ ഇപ്പോൾ ഇത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എൻ. ശക്തൻ: തമ്പാനൂരിൽ ഒരു വൻ വികസന പ്രവർത്തനമാണ് നടപ്പിലാക്കുന്നത്. എന്താണ് ആക്ഷേപം എന്ന് പറഞ്ഞത് എനിക്ക് മനസ്സിലായില്ല. തമ്പാനൂരിൽ നിലവിൽ അങ്ങനെ എന്തെങ്കിലും ആക്ഷേപങ്ങളുള്ളതായി ഞാൻ മനസ്സിലാക്കുന്നില്ല. കേരളത്തിന്റെ തലസ്ഥാന നഗരി എന്നുള്ള നിലയിൽ തമ്പാനൂരിൽ ഏറ്റവും വലിയൊരു ബസ് സ്റ്റേഷൻ പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു.

മി. സ്പീക്കർ: സഭയിൽ ഹാജരായിട്ടുള്ള മന്ത്രിമാരൊഴികെയുള്ള അംഗങ്ങളിൽ 2/3 ആളുകൾക്ക് ഇന്ന് ചോദ്യം ചോദിക്കാനുള്ള അവസരം കൊടുത്തു. എല്ലാവരും സഹകരിച്ചാൽ എല്ലാവർക്കും ചോദ്യം ചോദിക്കാം. എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly